**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3121      10.05.2017- ൽ മറുപടിയ്ക്ക്

## മിശ്രവിവാഹ ധനസഹായ പദ്ധതി

<u>ചോദ്യം</u>
ശ്രീ.യു.ആർ.പ്രദീപ്

<u>ഉത്തരം</u>
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന മിശ്ര വിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ-ത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായപദ്ധതിയാണ് ഈ വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. |
| (ബി) | എങ്കിൽ എത്ര രൂപയാണ് ധനസഹായം നൽകി വരുന്നത്; | (ബി) | 30,000/-രൂപ |
| (സി) | മിശ്ര വിവാഹ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | (സി) | മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും 2 വർഷത്തിനുള്ളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br>അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളാണ് ഹാജരാക്കേണ്ടത്.<br>1. മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>2. ദമ്പതികളുടെ ജാതി സർട്ടിഫിക്കറ്റ്.<br>3. വരുമാന സർട്ടിഫിക്കറ്റ്.<br>4. ദമ്പതിമാർ കഴിഞ്ഞ ഒരു വർഷമായി ഒരുമിച്ച് താമസിച്ചുവരികയാണെന്ന തെളിയിക്കുന്നതിന് ഗസറ്റഡ് ഓഫീസർ/എം.എൽ.എ./ എം.പി. നൽകുന്ന Co-living സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| | | | നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ആനുകൂല്യം ലഭിക്കുന്നതിനുള്ള കുടുംബ വാർഷികവരുമാന പരിധി 50,000/- രൂപയാണ്. |
| (ഡി) | ധനസഹായം ലഭിയ്ക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 22000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ടോ; | (ഡി) & (ഇ) | ധനസഹായം ലഭിയ്ക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 22000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ഇത് കാലോചിതമായി ഉയർത്തി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**